മിനിമം വേജസ് നടപ്പാക്കുവാൻ നടപടി

67 [3075] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേജസ് നടപ്പിലാക്കിയിട്ടുള്ള തൊഴിലാളികൾ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവരാണെന്നും ഓരോ വിഭാഗത്തിന്റെയും ഇപ്പോൾ നിലവിലുള്ള വേജസ് എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) മിനിമം വേജസ് നടപ്പാക്കാത്ത/നൽകാത്ത തൊഴിലുടമകൾക്ക് എതിരെ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ മിനിമം വേജസ് നിയമം പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും അല്ലെങ്കിൽ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മിനിമം വേജസ് ഏർപ്പെടുത്തിയിട്ടുള്ള 41 തൊഴിൽ മേഖലകളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†. ഓരോ തൊഴിൽ മേഖലയിലും പ്രവൃത്തിയെടുക്കുന്ന വിവിധ വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകം പ്രത്യേകം മിനിമം കൂലി നിശ്ചയിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1948-ലെ മിനിമം വേതന നിയമപ്രകാരം മിനിമം വേതനം നടപ്പാക്കാത്ത തൊഴിലുടമകൾക്കെതിരെ മിനിമം വേതന നിയമത്തിന്റെ 20 (2) വകുപ്പനുസരിച്ച് ഇൻസ്പെക്ടർമാരായി അധികാരപ്പെടുത്തിയിട്ടുള്ള അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നിയമാനുസൃതമായി നടപടി കൈക്കൊള്ളുന്നുണ്ട്. ഈ ഇൻസ്പെക്ടർമാർ ബന്ധപ്പെട്ട ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ മിനിമം വേതന നിയമത്തിലെ വകുപ്പ് 22 അനുസരിച്ച് അന്യായം ഫയൽ ചെയ്ത് കുടിശ്ശിക ഈടാക്കി തൊഴിലാളികൾക്ക് നൽകുന്നുണ്ട്.

(സി ആന്റ് ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉഭയകക്ഷി ചർച്ച കളിലൂടെയും അനുരഞ്ജന ചർച്ചകളിലൂടെയും ബന്ധപ്പെട്ട വ്യവസായബന്ധ സമിതികൾ മുഖേനയും ഇത്തരം പ്രശ്നങ്ങൾ ഉണ്ടായാൽ ചർച്ച ചെയ്ത് തീരുമാനം എടുത്തുവരുന്നുണ്ട്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[22-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 67 (3075) ദയവായി കാണുക.]

1.	കാർഷിക പ്രവർത്തന മേഖല	.. 26-5-2003-ലെ ജി.ഒ. (ആർ. ടി.) 1335/03 തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം പുതുക്കി നിശ്ചയിച്ചു.
2.	ആയുർവേദിക് ആന്റ് അലോപ്പതി	.. 1-8-2000-ലെ 2804/2000/തൊഴിൽ നമ്പർ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചു.
3.	ബീഡി-സിഗാർ വ്യവസായം	.. 20-10-2000-ലെ ജി. ഒ. (ആർ.ടി.) 3617/2000 നമ്പർ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചു.
4.	ഇഷ്ടിക നിർമ്മാണം	.. 3-8-1996-ലെ ജി. ഒ (ആർ.ടി.) 2157/96 തൊഴിൽ നമ്പർ പ്രകാരം പുതുക്കി നിശ്ചയിച്ചു.
5.	ബ്ലോക്ക് റബ്ബർ ഫാക്ടറികൾ	.. 10-7-2001-ലെ 2071/01 നമ്പർ പ്രകാരം പുതുക്കി നിശ്ചയിച്ചു.
6.	കയർ വ്യവസായം	.. 21-4-2003-ലെ 1095/03 നമ്പർ പ്രകാരം പുതുക്കി നിശ്ചയിച്ചു.
7.	കശുവണ്ടി വ്യവസായം	.. 14-12-1998-ലെ 3981/98 നം. പ്രകാരം പുതുക്കി നിശ്ചയിച്ചു.
8.	സിനിമ വ്യവസായം	.. 2-12-2000-ലെ 4153/2000 നം. പ്രകാരം പുതുക്കി (എന്നാൽ 14-8-2003-ൽ ബഹു: ഹൈക്കോടതി ഈ വിജ്ഞാപനം റദ്ദു ചെയ്തു.)
9.	കെട്ടിട നിർമ്മാണം, റോഡ് നിർമ്മാണം, കല്ലുടക്കൽ, പാറപൊട്ടിക്കൽ	.. 4-6-2003-ലെ 1505/03 നം. പ്രകാരം പുതുക്കി നിശ്ചയിച്ചു.
10.	കൊപ്രാ ഉണ്ടാകുന്നതിനുള്ള തേങ്ങയുണക്കൽ	.. 21-3-2001-ലെ 1026/01 നം. പ്രകാരം പുതുക്കി നിശ്ചയിച്ചു.
11.	മത്സ്യ സംസ്ക്കരണ മേഖല	.. 13-3-1998-ലെ 637/98/തൊഴിൽ നം. പ്രകാരം പുതുക്കി നിശ്ചയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

12.	വനം മേഖല	..	21-5-2002-ലെ 1265/02/തൊഴിൽ നം. പ്രകാരം പുതുക്കി നിശ്ചയിച്ചു. ഇപ്പോൾ സർക്കാർ ഇത് kept in abeyance-ൽ വച്ചിരിക്കുന്നു
13.	ആനകളുടെ പരിപാലനവും സംരക്ഷണവും	..	24-4-2002-ലെ 928/02/തൊഴിൽ നം. ഉത്തരവു പ്രകാരം പുതുക്കി നിശ്ചയിച്ചു.
14.	ഹോസ്റ്റലുകൾ	..	21-4-2003-ലെ 1094/03 നം. പ്രകാരം പുതുക്കി നിശ്ചയിച്ചു.
15.	മലഞ്ചരക്ക് വ്യവസായം	..	19-8-1996-ലെ ജി.ഒ. (ആർ. ടി.) 2290/96/തൊഴിൽ നം. പ്രകാരം പുതുക്കി.
16.	കൈത്തറി വ്യവസായം	..	11-6-1998-ലെ ജി.ഒ. (ആർ. ടി.) 1749/98/നം. പ്രകാരം പുതുക്കി.
17.	ഹോസിയറി വ്യവസായം	..	21-2-1985-ലെ ജി.ഒ. (ആർ.ടി.) 278/85/തൊഴിൽ നം. പ്രകാരം പുതുക്കി.
18.	ഐസ് ഫാക്ടറി	..	21-6-1996-ലെ ജി.ഒ. (ആർ. ടി.) 1732/96 നം. പ്രകാരം പുതുക്കി.
19.	മദ്യ-വ്യാപാര വിൽപ്പന മേഖല	..	30-10-2001-ലെ ജി.ഒ. (ആർ.ടി.) 3243/01/തൊഴിൽ നം. പ്രകാരം പുതുക്കി.
20.	ലൈറ്റ് മോട്ടോർ വാഹനങ്ങൾ	..	26-12-1999-ലെ ജി.ഒ. (ആർ. ടി.) 4237/99 നം. പ്രകാരം പുതുക്കി.
21.	പാചക വാതക ഏജൻസികൾ	..	15-6-1999-ലെ ജി.ഒ. (ആർ.ടി.) 1893/99/തൊഴിൽ നം. പ്രകാരം പുതുക്കി.
22.	തീപ്പെട്ടി വ്യവസായം	..	24-6-1996-ലെ ജി.ഒ. (ആർ.ടി.) 1755/96/തൊഴിൽ നം. പ്രകാരം പുതുക്കി.
23.	മൈനർ പോർട്ടുകൾ	..	23-10-96-ലെ ജി.ഒ. (ആർ.ടി.) 2800/96/തൊഴിൽ നം. പ്രകാരം പുതുക്കി.
24.	മൈനർ എൻജിനീയറിംഗ്	..	25-10-1997-ലെ ജി.ഒ. (ആർ.ടി.) 2977/97 നം. പ്രകാരം പുതുക്കി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

25.	കൈത്തറി-മാസശമ്പള വിഭാഗം	.. 25-11-1999-ലെ ജി.ഒ. (ആർ.ടി.) 3900/99/തൊഴിൽ നം. പ്രകാരം പുതുക്കി.
26.	കുട നിർമ്മാണം	.. 15-7-1981-ലെ ജി.ഒ. (ആർ.ടി.) 878/നം. പ്രകാരം നിശ്ചയിച്ചു.
27.	ഓയിൽ പാം	.. 9-7-2001-ലെ ജി.ഒ. (ആർ.ടി.) 2068/01/ നം. പ്രകാരം പുതുക്കി.
28.	ഓയിൽ മില്ലുകൾ	.. 3-6-1999-ലെ ജി.ഒ. (ആർ.ടി.) 1660/99 നം. പ്രകാരം പുതുക്കി.
29.	മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ	.. 31-3-2003-ലെ ജി.ഒ. (ആർ.ടി.) 924/03 നം. പ്രകാരം പുതുക്കി.
30.	പ്രിന്റിംഗ് പ്രസ്സുകൾ	.. 14-3-2001-ലെ ജി.ഒ. (ആർ.ടി.) 864/01 നം. പ്രകാരം പുതുക്കി.
31.	പ്ലാന്റേഷനുകൾ	.. 23-10-1996-ലെ ജി.ഒ. (ആർ.ടി.) 2799/96/തൊഴിൽ നം. പ്രകാരം പുതുക്കി.
32.	സ്വകാര്യ ആശുപത്രികളും ബന്ധപ്പെട്ട സ്ഥാപനങ്ങളും	.. 5-6-2000-ലെ ജി.ഒ. (ആർ.ടി.) 1928/01/തൊഴിൽ നം. പ്രകാരം പുതുക്കി.
33.	പവർ ലൂം വ്യവസായം	.. 3-8-2002-ലെ 2331/02/ നം. പ്രകാരം പുതുക്കി.
34.	റൈസ് മിൽ, ഫ്ളവർമിൽ, ദാൽ മിൽ.	.. 13-12-2002-ലെ ജി.ഒ. (എം.എസ്.) 83/02/നം. പ്രകാരം പുതുക്കി.
35.	റബ്ബറധിഷ്ഠിത ഉൽപ്പന്ന വ്യവസായം	.. 24-6-1997-ലെ ജി.ഒ. (ആർ.ടി.) 1896/97/തൊഴിൽ നം. പ്രകാരം പുതുക്കി.
36.	റബ്ബർ ക്രേപ്പ് മില്ലുകൾ	.. 17-9-1997-ലെ ജി.ഒ. (ആർ.ടി.) 2623/97/തൊഴിൽ നം. പ്രകാരം പുതുക്കി.
37.	നദികളിലെ മണൽ വാരലും കയറ്റിറക്കും	.. 19-9-2002-ലെ ജി.ഒ. (ആർ.ടി.) 2833/02 നം. പ്രകാരം പുതുക്കി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

38.	കടകളും വാണിജ്യസ്ഥാപനങ്ങളും	. . 4-8-1997-ലെ ജി.ഒ. (ആർ.ടി.) 2267/97/തൊഴിൽ നം. പ്രകാരം പുതുക്കി.
39.	ഓട് വ്യവസായം	. . 21-6-2000-ലെ ജി.ഒ. (ആർ.ടി.) 2184/2000/ നം. പ്രകാരം പുതുക്കി.
40.	ടിംബർ-പ്ലൈവുഡ്	. . 5-1-1993-ലെ ജി.ഒ. (ആർ.ടി.) 58/93/തൊഴിൽ നം. പ്രകാരം പുതുക്കി.
41.	കള്ള് ചെത്ത് വ്യവസായം	. . 5-10-2000-ലെ ജി.ഒ. (ആർ.ടി.) 3420/2000/ നം. പ്രകാരം പുതുക്കി.

അനുബന്ധം VIII

[22-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 88 (3096) ദയവായി കാണുക]

ക്ഷേമനിധി ബോർഡിന്റെ പേര്	ബോർഡിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം	
കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്	ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ	. . 1
	ഫൈനാൻസ് ഓഫീസർ	. . 1
	സീനിയർ സൂപ്രണ്ട്	. . 1
	ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ	. . 10
	ജൂനിയർ സൂപ്രണ്ട്	. . 2
	യു.ഡി. ക്ളാർക്ക്	. . 5
	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	. . 1
	എൽ.ഡി. ക്ളാർക്ക്	. . 10
	ഡ്രൈവർ	. . 2
	എൽ.ഡി. ടൈപ്പിസ്റ്റ്	. . 2
	അറ്റന്റർ	. . 1
	പ്യൂൺ	. . 3
	വാച്ചർ	. . 1

LIBRARY ARCHIVES Kerala Legislative Assembly